"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1601/2025 നമ്പർ ഹർജിയിലെ വിധിന്യായപ്രകാരം അച്ചടി വകുപ്പിൽ നിന്ന് വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിച്ചുകൊണ്ട് 23.09.2025-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.28/2026/PPAD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1601/2025 നമ്പർ ഹർജിയിന്മേലുള്ള 23/09/2025-ലെ വിധിന്യായം.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 04/11/2025 തീയതിയിലെ PTGD/1064/2025-G2 നമ്പർ കത്ത്.
3. 13.01.2026 ലെ G.O.(Rt)No.330/2026/Fin നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

അച്ചടിവകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാരും മരണമടഞ്ഞ ജീവനക്കാരുടെ അവകാശികളും ചേർന്ന് (14പേർ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1601/2025 നമ്പർ ഹർജി ഫയൽ ചെയ്യുകയും, പരാമർശം (1)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായ പ്രകാരം ഹർജിക്കാർ നൽകിയിട്ടുള്ള Annexure A3 മുതൽ Annexure A13 വരെയുള്ള റെപ്രസന്റേഷൻ പരിഗണിച്ച് ഉചിതമായ ഉത്തരവ് , വിധിന്യായം ലഭിച്ച തീയതി മുതൽ 3 മാസത്തിനകം ഒന്നാം എതിർ കക്ഷി പുറപ്പെടുവിക്കുന്നതിന് ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(2) വിവിധ കാലയളവുകളിൽ ഗവ. പ്രസ്സിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീമതി ലേഖ വി. , മരണമടഞ്ഞ ജയകുമാർ എസ്.എസ്. , ശ്രീമതി ജയകുമാരി ജെ. , ശ്രീ ചന്ദ്രകുമാർ ആർ. , ശ്രീമതി രമണി പി. , ശ്രീമതി ലത സി. , ശ്രീ സുനി റ്റി.പി. , ശ്രീ വിക്രമൻ ജെ. , ശ്രീമതി ശോഭന ബി. , ശ്രീമതി സുധ ഐ.എസ്. , ശ്രീ ജോസഫ് എ.എം. , എന്നീ 11 ജീവനക്കാർക്ക് ഓവർടൈം അനുവദിച്ചിരുന്ന കാലയളവ്, മണിക്കൂർ, ഓവർടൈം തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (Pay + Allowances തുകയുടെ 10%) എന്നിവ അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും അച്ചടി വകുപ്പിന്റെ ശീർഷകത്തിൽ (2058-00-103-99-01-6) മതിയായ തുക ഇല്ലാത്തതിനാൽ വിവിധ കാലയളവുകളിൽ ഗവ. പ്രസ്സിൽ നിന്നും വിരമിച്ചിട്ടുള്ള പ്രസ്തുത ജീവനക്കാർക്ക് ഓവർ ടൈം അലവൻസ് അനുവദിക്കുന്നതിലേയ്ക്കായി ആകെ 6,23,295/-രൂപ (ആറുലക്ഷത്തി ഇരുപത്തി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ചു രൂപ മാത്രം) അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അച്ചടിവകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാരായ ശ്രീമതി ലേഖ വി. , മരണമടഞ്ഞ ജയകുമാർ എസ്.എസ്. , ശ്രീമതി ജയകുമാരി ജെ. , ശ്രീ ചന്ദ്രകുമാർ ആർ. , ശ്രീമതി രമണി പി. , ശ്രീമതി ലത സി. , ശ്രീ സുനി റ്റി.പി. , ശ്രീ വിക്രമൻ ജെ. , ശ്രീമതി ശോഭന ബി. , ശ്രീമതി സുധ ഐ.എസ്. , ശ്രീ ജോസഫ് എ.എം. , എന്നീ ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക അനുവദനീയമായ പരിധിയിലാണെന്ന് ഉറപ്പുവരുത്തി ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഓവർടൈം അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ / മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അച്ചടി വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ii) ഓവർടൈമിനു നിയോഗിച്ചു കൊണ്ടുള്ള ഓഫീസ് ഉത്തരവ് / ഡ്യൂട്ടി ഷെഡ്യൂൾ എന്നിവ നടപടി ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) ഇതിനാവശ്യമായ തുക 6,24,000/- രൂപ (ആറുലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) നടപ്പ് സാമ്പത്തികവർഷം 2058-00-103-99-01(6) ശീർഷകത്തിൽ പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്. 2026 ജനുവരിയിലെ SDG (Supplementary Demands for Grants) യിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ ചെലവുകൾ , ബന്ധപ്പെട്ട അപ്രോപ്രിയേഷൻ ആക്ട് പാസ്സായതിനുശേഷം മാത്രമേ നടത്താവൂ എന്നത് അച്ചടിവകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(5) ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ , OA 1601/2025 നമ്പർ ഹർജിയിൽ പുറപ്പെടുവിച്ചിട്ടുളള 23.09.2025-ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. അഡ്വക്കറ്റ് ജനറൽ , വഞ്ചിയൂർ, കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തരം)
5. ധനകാര്യ വകുപ്പ് (E:3372719/EDN-B3/271/2025-FIN Dated:16/02/2026)
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 05-03-2026 10:53:46
സെക്ഷൻ ഓഫീസർ